**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 198** **07-06-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പ്രാഥമിക സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് നിയോജക മണ്ഡലത്തിലെ പ്രാഥമിക സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട് നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഘട്ടം ഘട്ടമായി വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആർദ്രം ഒന്നാംഘട്ടം 1. കുടുംബാരോഗ്യകേന്ദ്രം തലവടി ആർദ്രം പദ്ധതി പ്രകാരം പണി കഴിപ്പിക്കേണ്ട കെട്ടിടത്തിനായി ആശുപത്രിയുടെ പേരിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി വിഭാവനം ചെയ്യുന്നതാണ്. കെട്ടിട നിർമ്മാണത്തിനായി എൻ.എച്ച്.എം .മുഖേന തുക അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ. അസിസ്റ്റന്റ് സർജൻ -1 സ്റ്റാഫ് നഴ്സ്-2 ലാബ് ടെക്നിഷ്യൻ-1 2. പ്രാഥമികാരോഗ്യകേന്ദ്രം , നീലംപേരൂർ നാഷണൽ ഹെൽത്ത് മിഷൻ മുഖേന കെട്ടിടത്തിന്റെ പണിക്കുള്ള തുക അനുവദിച്ചിട്ടുള്ളതാകുന്നു. എന്നാൽ വെള്ളപ്പൊക്ക ബാധിതമായ പ്രദേശത്തുള്ള ആശുപത്രി ആയതിനാൽ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ. ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 ലാബ് ടെക്നീഷ്യൻ-1 ആർദ്രം രണ്ടാംഘട്ടം. 1. കുടുംബാരോഗ്യകേന്ദ്രം, വീയപുരം ആർദ്രം പദ്ധതി പ്രകാരം കെട്ടിടം പണി പൂർത്തീകരിച്ച് 02.09.2019 ന് ബഹു. മുൻ ആരോഗ്യവകുപ്പ് മന്ത്രി ഉദ്ഘാടനം നിർവഹിച്ച് ആശുപത്രി പൂർണ്ണസജ്ജമായി പ്രവർത്തിച്ചു വരുന്നു. ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ. ഡോക്ടർ-1 ലാബ് ടെക്നീഷ്യൻ-1 2. കുടുംബാരോഗ്യകേന്ദ്രം , രാമങ്കരി ആർദ്രം പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | 17.02.2021 ൽ ബഹു.മുഖ്യമന്ത്രി കുടുംബാരോഗ്യകേന്ദ്രമായി ഉദ്ഘാടനം നടത്തിയിട്ടുള്ളതാകുന്നു. ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ. ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-1 3. പ്രാഥമികാരോഗ്യകേന്ദ്രം, കാവാലം പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട കെട്ടിടത്തിന്റെ വർക്കിന്റെ റീ ടെണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ. ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-1. 4. പ്രാഥമികാരോഗ്യകേന്ദ്രം , കപ്പപ്പുറം എൻ.എച്ച്.എം മുഖേന കെട്ടിട നിർമ്മാണത്തിനുള്ള തുക അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ. ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-1. ആർദ്രം മൂന്നാം ഘട്ടം 1. പ്രാഥമികാരേഗ്യകേന്ദ്രം,മുട്ടാർ എൻ.എച്ച്.എം വഴി 15.50 ലക്ഷം രൂപയുടെ കെട്ടിടം നിർമ്മാണത്തിനുള്ള ഡി.പി.ആർ നടപടി പുരോഗമിക്കുന്നു. 2. സാമൂഹികാരോഗ്യകേന്ദ്രം, വെളിയനാട് വെളിയനാട് സാമൂഹികാരോഗ്യകേന്ദ്രത്തിനെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. 3. സാമൂഹികാരോഗ്യകേന്ദ്രം, ചമ്പക്കുളം ചമ്പക്കുളം സാമൂഹികാരോഗ്യകേന്ദ്രത്തിനെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. 4. സാമൂഹികാരോഗ്യകേന്ദ്രം,ചെമ്പുംപുറം ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ആശുപത്രി വികസനം നടത്തി വരുന്നു. 5. സാമൂഹികാരോഗ്യകേന്ദ്രം, എടത്വ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ആശുപത്രി വികസനം നടപ്പിലാക്കി വരുന്നു. കെട്ടിട നിർമ്മാണത്തിന്റെ 30% പണി പൂർത്തീകരിച്ചു. |
| (ബി) | കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളിൽ മതിയായ ജീവനക്കാരും മരുന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിലായി ഉയർത്തിയ ആശുപത്രികളിൽ അധിക തസ്തിക അനുവദിച്ചിട്ടുള്ളതാകുന്നു. കുട്ടനാട്ടിലെ എല്ലാ ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ നൽകി വരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് മുഖാന്തിരം ഡയാലിസിസ് രോഗികൾക്കും അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയരായ രോഗികൾക്കും മരുന്ന് വാങ്ങുന്നത് ഉൾപ്പെടെയുള്ള ചികിത്സാ സഹായങ്ങൾ നൽകി വരുന്നു. കുട്ടനാട്ടിലെ ആരോഗ്യകേന്ദ്രങ്ങളിൽ മതിയായ രീതിയിൽ മരുന്നുണ്ടെന്നുള്ള വസ്തുതയും അറിയിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പൊതു ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജീവനക്കാർക്ക് നല്ല ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമാക്കിയാൽ കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ ജീവനക്കാർക്ക് ജോലിക്കെത്താൻ സൗകര്യമായിരിക്കും എന്നതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ